# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1781 17/06/13-ൽ മറുപടിക്ക്

## മത്സ്യസമ്പത്തിന്റെ ലഭ്യതയിൽ ശോഷണം

ചോദ്യം

ശ്രീ. വി. ശശി :

മറുപടി

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) :

(എ) കേരളത്തിന്റെ മത്സ്യസമ്പത്തിന്റെ ലഭ്യതയിൽ ശോഷണം സംഭവിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഏതെങ്കിലും മത്സ്യങ്ങൾ നമ്മുടെ കടലിൽ നിന്നും ഇല്ലാതാകുന്നുവെന്ന് പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടോ;

(എ) ഇല്ല. എന്നാൽ മത്സ്യബന്ധനം സംബന്ധിച്ച പഠനം നടത്തിയിട്ടുള്ള കലാവർ കമ്മിറ്റി മുതലുള്ള എല്ലാ കമ്മിറ്റികളുടെയും പഠന റിപ്പോർട്ടുകളിൽ അനിയന്ത്രിതമായ ബോട്ടുകളുടെ എണ്ണം ക്യാച്ച് പെർയൂണിറ്റ് എഫർട്ട് കുറയാൻ കാരണമാകുമെന്ന് പ്രതിപാദിക്കുന്നുണ്ട്.

കേരള ഫിഷറീസ് സ്റ്റാറ്റിസ്റ്റിക്സ് 2011-12 പ്രകാരം കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കടൽ മത്സ്യസമ്പത്തിൽ നേരിയ കുറവ് ഉണ്ടായിട്ടുള്ളത് താഴെ പറയും പ്രകാരം ആണ്:

| വർഷം | ഉല്പാദനം |
|---|---|
| 2007-08 | 5.86 ലക്ഷം മെട്രിക് ടൺ |
| 2008-09 | 5.83 ലക്ഷം മെട്രിക് ടൺ |
| 2009-10 | 5.70 ലക്ഷം മെട്രിക് ടൺ |
| 2010-11 | 5.60 ലക്ഷം മെട്രിക് ടൺ |
| 2011-12 | 5.53 ലക്ഷം മെട്രിക് ടൺ |

ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) മത്സ്യസമ്പത്തിന്റെ ലഭ്യതയിൽ കുറവ് ഉണ്ടാകാനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ബി) മത്സ്യസമ്പത്തിന്റെ ലഭ്യതയിൽ നാമമാത്രമായ കുറവ് മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നാണ് മേൽപ്പറഞ്ഞ കണക്കുകളിൽ നിന്നും വെളിവാകുന്നത്.

| | |
|---|---|
| (സി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെടുത്തി മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ്, മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (സി) കാലാവസ്ഥാ വ്യതിയാനം മൂലം മത്സ്യമേഖലയിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളെ ലഘൂകരിക്കുന്നതിന് ഫിർമ തയ്യാറാക്കിയ 1250 കോടി രൂപയുടെ ആക്ഷൻ പ്ലാൻ പരിസ്ഥിതി വകുപ്പിന്റെ അംഗീകാരത്തിനായി ഫിഷറീസ് ഡയറക്ടർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ